# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No. 4 :** ഏപ്രിൽ 2016 — വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്ട്

മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര


### *ധർമ്മ വാണി*

*ധന്യ ഭാഗ് സാബുൻ മിലീ,*
*നിർമല് പായാ നീർ,*
*ആവോ ധോയേ സ്വയം ഹീ,*
*മന് കേ മൈലേ ചീർ.*

ധന്യമായി, സോപ്പും കിട്ടി,
നിർമലമായ ജലവും കണ്ടു,
വരുവിൻ കഴുകുക സ്വയമേവ,
മനമാം മലിന വസ്ത്രങ്ങൾ.

— **എസ. എൻ. ഗോയങ്ക**

# ധർമ്മത്തിൽ ശരണം

**എസ. എൺ. ഗോയങ്ക**

പ്രിയപ്പെട്ട സാധക–സാധികമാരെ,

വരൂ, ധർമ്മത്തിൽ ശരണം ഗ്രഹിക്കാം. ഏറെ മംഗളകരമാണ് ധർമ്മത്തിൽ ശരണം തേടുന്നത്.

ധർമ്മം സത്യമാണ്, വിശ്വജനീനമായ നിയമം, പ്രകൃതി നിയമമാണ്. സജീവമായതും, നിർജീവമായതും, എല്ലാം തന്നെ ധർമ്മതിതിൽ ആധരിച്ചിരിക്കുന്നു. അണു–അണുവിലും ബ്രഹ്മാണ്ടത്തിലും ധർമ്മം തന്നെയാണ് ഉള്ളടക്കം. അണു, ബ്രഹ്മാണ്ടം ധർമ്മത്തേയാണ് ധാരണം ചെയ്തിട്ടുള്ളത്.

ധർമ്മം അസീമമാണ്, അനന്തമാണ്, അപരിമിതമാണ്. എല്ലാ ഇടത്തും അടങ്ങിയിരിക്കുന്നു, അണു–അണുവിൽ പ്രവേശിക്കപ്പെട്ടിരിക്കുന്നു, സർവ്വവ്യാപി, സർവ്വശക്തിശാലി, സർവ്വേശ്വരനാണ്. ജഗദീശ്വരൻ, ജഗദാധാരം, ലോകനിയമമാണ്! ധർമ്മം സത്യത്തിൽ അശരണ–ശരണമാണ്.

സാധകരെ! ജീവിതത്തിൽ എപ്പെപ്പോൾ ഉച്ചനീചത്വങ്ങൾ, കൊടുങ്കാറ്റുകൾ, ചുഴലിക്കാറ്റുകൾ നേരിടേണ്ടിവരുമൊ, നിസ്സഹായാവസ്ഥ വരുമൊ, എന്തു ചെയ്യണമെന്ന പൊവമില്ലായ്മയുണ്ടാകുമൊ, അപ്പോഴെല്ലാം ധർമ്മത്തിൽ ശരണം ഗ്രഹിക്കാൻ പഠിക്കുക. ധർമ്മത്തിൽ ശരണം നേടിയാൽ ഏറെ ആശ്വാസം ലഭിക്കാറുണ്ട്.

എപ്പെപ്പോൾ പിശാചുപിടിച്ച അവസ്ഥകൾ നിർദയിയായി പരിഹസിച്ച് അട്ടഹസിക്കുന്നൊ, അതിരുവിട്ട ജല–ഒഴുക്ക് രൌദ്ര രൂപം ധരിക്കുന്നൊ, ശാന്തമായ ജല–ശേഖരത്തിൽ മഹത്തായ തിരകൾ – നാലു ഭാഗത്തിൽ നിന്നും പൊങ്ങി വരുന്ന അലകൾ വിഷപ്പാമ്പു ചീറ്റുന്നതുപോലെ വിനാശശക്തിയുള്ള നീർച്ചുഴി – സകലരേയും തൻറെ അകത്തേക്ക് വലിച്ചു കൂട്ടാൻ തയ്യാറായിരിക്കുന്നൊ; മനുഷ്യൻറെ എല്ലാ വിധ സഹായ സ്രോതസ്സും മുറിഞ്ഞു പോയ അവസ്ഥ – എല്ലാ ബന്ധുക്കളും മുഖം തിരിക്കുന്നു, എല്ലാ സഹായകരും തത്തയെപോലെ കണ്ണുകൾ തിരിക്കുന്നു, ജന്മ–ജന്മങ്ങളായി കൂടെ നടന്നവർ മുഖം തിരിക്കുന്നു.

ബന്ധുക്കൾ അവരവരുടെ പ്രാണൻ രക്ഷ പ്പെടുത്താനുള്ള പുറപ്പാടിലാണ്; സകലരും മുങ്ങുമ്പോൾ ഏതെങ്കിലും ഒരു ചെറിയ പുൽകൊടിയുടെ സഹായം തേടുന്നതിൽ ഏർപ്പെട്ടിരിക്കും – എല്ലാ സ്വന്തം എന്ന് കരുതിയവർ കാറ്റായിപ്പോകുന്നു, സ്വജനങ്ങൾ കൈവിട്ടു പോകുന്നു.

ആ സമയം സാധകരെ, ധർമ്മം മാത്രമെ സഹായിയുടെ രൂപത്തിൽ ഉപകരിക്കുള്ളു. ദ്വീപത്തിൻറെ രൂപത്തിൽ ഉപകരിക്കുള്ളു. ധർമ്മത്തിൽ ശരണമാണ് സത്യമായ ശരണം.

ദുർബലനായ മനുഷ്യൻ തകർന്ന്, ക്ഷീണിച്ച്, തന്നെ രക്ഷപ്പെടുത്താനായി കൈ-കാലുകൾ ചലിപ്പിക്കാൻ പോലും സാധിക്കാത്ത അവസ്ഥയിൽ, സഹായത്തിന് ഒരു പുൽകൊടിപോലും ലഭിക്കാതെ പോകുമ്പോഴാണ് തന്നെ ധർമ്മത്തിൻറെ ഒഴുക്കിൽ ഒഴുകാനായി വിട്ടുകൊടുക്കാറുള്ളത്.

എപ്പോൾ മനുഷ്യൻ സമർപ്പണ ഭാവത്തിൽ ധർമ്മത്തിൻറെ ഒഴുക്കിൽ ഒഴുകാൻ തയ്യാറാകുന്നുവൊ, അവിടെ വച്ച് ധർമ്മം കവചം പോലെ അവൻറെ സംരക്ഷക നായിത്തീരുന്നു. ധർമ്മം ഒരിക്കലും വഞ്ചിക്കില്ല, ഒരിക്കലും വിശ്വാസം ഭഞ്ജിക്കില്ല, ഒരിക്കലും താഴോട്ട് തള്ളില്ല! സാധകരെ! ഒന്ന് ധർമ്മത്തിനു നേരെ സമർപ്പണം ചെയ്യാൻ പഠിക്കുക!

സാധകരെ, ഞാൻ കേട്ടു-കേൾവിയുടേയൊ, വായിച്ചു-പഠിച്ച കാര്യമൊ അല്ല പറയുന്നത്. എൻറെ അനുഭവമാണ് പറയുന്നത്. ധർമ്മത്തിൽ സമർപ്പിത മാകുന്നതിൽ, ധർമ്മത്തിൽ ശരണം ഗ്രഹിക്കുന്നതിൽ ഏറെ ആശ്വാസം ലഭിക്കാറുണ്ട്.

പക്ഷെ അമൂർത്തമായ(abstract) ധർമ്മത്തിൽ ശരണം പ്രാപിക്കൽ ബുദ്ധിമുട്ടുള്ള കാര്യമാണ്. നമ്മൾ സദാ വല്ല മൂർത്തമായ വ്യക്തിയിൽ ശരണം പ്രാപിക്കാറുള്ള ശീലക്കാരാണല്ലൊ! എന്നാൽ വ്യക്തി ആരുമാകട്ടെ – പാവം സ്വയം അശാന്തനാണ്, സ്വയം അസുരക്ഷിതനാണ്, സ്വയം അശരണനാണ്! മറ്റുള്ളവർക്ക് എന്തു ശരണം നൽകാനാണ്? വല്ല ശരണാർത്ഥിയെയും സമീപം വരുന്നതു കണ്ടാൽ തൻറെ ബാണവും-പൊക്കണവും സംരക്ഷിക്കാൻ നോക്കും. ദുർബലൻ ദുർബലനെന്തു സഹായം നൽകാണാണ്? അനാഥൻ അനാഥനെന്തു സഹായം നൽകാണാണ്? ഒരു അന്ധൻ മറ്റൊരന്ധന് എങ്ങിനെ വഴി കാട്ടാനാണ്?

ആയതിനാൽ സബലനും, സക്ഷമമുമായ അമൂർത്തമായ ധർമ്മത്തിൻറെ സഹായം എടുക്കുക! ധർമ്മത്തിൻറെ തന്നെ ശരണം ഗ്രഹിക്കുക! കുറച്ചു നേരത്തേക്കാണെങ്കിൽ പോലും, ആശങ്ക കുറച്ചു വിട്ട്, ധർമ്മത്തിൻറെ ഒഴുക്കിൽ ജീവിതത്തിനെ ഒഴുകാനായി തുറന്നു വിട്ടു നോക്കുക! വളരെ ഏറെ ആത്മബലം ലഭിക്കും, വളരെ ഏറെ ആത്മവിശ്വാസം ലഭിക്കും. സ്വയത്തെ ഈ ഒഴുക്കിൻറെ സഹായത്തിൽ വിട്ടു കൊടുത്ത് പുതിയ സംഖാരകൾ സൃഷ്ടിക്കുന്നത് നിറുത്തുക. ഇതുകൊണ്ട് പഴയതിൻറെ നിർമ്മാർജ്ജനത്തിൻറെ വഴി തുറക്കുകയും, പൂർവ്വ കർമ്മങ്ങളുടെ ഫല സ്വരൂപം ഉണ്ടായ കൊടുംകാറ്റിൻറെ ബലം താനെ കുറയാൻ തുടങ്ങുകയും ചെയ്യുന്നു. ഇതു തന്നെയാണ് ധർമ്മത്തിൽ ശരണം ഗ്രഹിക്കൽ.

പരീക്ഷിക്കുക, കഷ്ടകാലത്ത് ഇതിനെ പരീക്ഷിച്ചു നോക്കുക. ഭാവികാലം ആനന്ദവും മംഗളവുമായി നിറയും. ദിശകൾ ഹർഷോൽഹാസം കൊണ്ട് നൃത്തം ആടാൻ തുടങ്ങും. കണ്ടുകണ്ടിരിക്കെ സകല നിരാശകളും കൽപ്പൂരം പോലെ ആവിയായിത്തീരും. സകല വാതാവരണവും മംഗളത്തിൻറെ തരംഗങ്ങളാൽ നിറയപ്പെടും.

ആയതിനാൽ സാധകരെ, വരൂ! ധർമ്മത്തിൽ ശരണം ഗ്രഹിക്കാം! സത്യത്തിൽ വളരെ മംഗളകരമാണ് ധർമ്മത്തിൽ ശരണം!

# രോഗദർശനം, ധർമ്മദർശനം തന്നെ!

പ്രിയപ്പെട്ട സാധക-സാധികമാരെ, സ്ഥാന-സ്ഥാനത്തിൽ നിന്നും, ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന സാധക-സാധികമാരുടെ മംഗള മൈത്രി ലഭിക്കുന്നുണ്ട്. മംഗള മൈത്രി അമിതമായ മംഗളം പ്രദാനം ചെയ്യുന്നതാണ്. ഇരു പക്ഷക്കാർക്കും മംഗളം പകരുന്നതാണ്.

പക്ഷെ ചില സാധകർ ചിന്ത പ്രകടിപ്പിക്കാറുണ്ട് – ചിന്ത, ഭയം, ആശങ്ക, നിരാശ, ദുരാശ, അസ്വസ്ഥത ധർമ്മ വിരുദ്ധമായ തരംഗങ്ങളാണ്. മംഗള വിരോധമായ തരംഗങ്ങളാണ്. ഇരു പക്ഷക്കാർക്കും ഹാനി ചെയ്യുന്നവ. ആയതിനാൽ വിപശ്യന സാധകർക്ക് ഇത്തരം തരംഗങ്ങളുടെ പ്രജനനം തികച്ചും അശോഭനീയമാണ്. ത്യാഗയോഗ്യമാണ്. സമത നിറഞ്ഞ മംഗള മൈത്രി മാത്രമെ ഗ്രഹിക്കാൻ യോഗ്യമാകൂ.

വല്ല രോഗം വന്നാൽ എന്തിനെ പേടിക്കണം? രോഗം മംഗളത്തിൻറെ സൂചകനാണ്. ശരീരത്തിൽ ശേഖരിച്ചിരിക്കുന്ന വിവിധ പ്രകാരത്തിലുള്ള വിഷങ്ങൾ എപ്പോൾ വേറെ ഒരു മാർഗ്ഗത്തിലൂടേയും പുറത്തു വരാനിടയാകുന്നില്ലയൊ അപ്പോൾ രോഗം വഴി മാത്രമെ അവരുടെ തീർപ്പ് സംഭവമാകുന്നുള്ളു. ഇതേ പ്രകാരം ചില അകുശലമായ സംഖാരകൾ ഇങ്ങനെയും ഉണ്ടാകാറുണ്ട് – അവ വിപശ്യന മൂലം ദുർബലനാകാറുണ്ട് പക്ഷെ അവരുടെ നിർമൂലനമാകാറില്ല – അപ്പോൾ അവരുടെ നിർമൂലനം ചിലപ്പോഴൊക്കെ ശാരീരിക രോഗം വഴി ആകാറുണ്ട്.

ഇരു അവസ്ഥകളിലും മംഗളകരമാണ് രോഗത്തിൻറെ ആഗമനം. എന്നാൽ രോഗത്തെ ഭോഗം ചെയ്യുമ്പോഴാണ് ചിന്താവിഷയമാകുന്നത്. ഒരാൾ രോഗത്തെ ഭോഗം ചെയ്യുമ്പോൾ കരയുന്നു, പെടയുന്നു, അസ്വസ്ഥനാകുന്നു ദുർമ്മനമാകുന്നു – പരിണാമമായി രോഗ നിവാരണത്തിൻറെ ചികിത്സാ-അവധിയെ കൂടുതൽ നീട്ടുന്നു. രണ്ടാമ്മത് എത്ര നേരം ഭോഗം ചെയ്യുന്നുവൊ അത്ര നേരം പുതിയ-പുതിയ ദൂഷിതമായ കർമ്മ സംഖാരകളുടെ കൂമ്പാരം പ്രജനനം ചെയ്തുകൊണ്ടേ പോകുന്നു. അതായത് തൻറെ ദുഖത്തിൻറെ തന്നെ സംവർദ്ധനം ചെയ്തു കൊണ്ടേ പോകുന്നു.

പക്ഷെ വ്യക്തി എപ്പെപ്പോൾ തൻറെ രോഗത്തെ നോക്കുന്നു - പ്രത്യക്ഷം ഉണ്ടാകുന്ന അനുഭവത്തെ സാക്ഷീകരിക്കുന്നു, അപ്പോൾ സമത നിറഞ്ഞ ശാന്തമായ മനസ്സോടെ ദുഖ-ദർശനം ചെയ്തുകൊണ്ട് രോഗനിവാരണ ത്തിൻറെ ചികിത്സാ-അവധിയെ ചെറുതാക്കുന്നു. ജീവിത-ധാരയിൽ പൊങ്ങി വന്ന പൂർവ്വ സംഖാരകളുടെ കർമ്മ-വിപാകത്തിൻറെ സാക്ഷിയായി പുതിയ സംഖാരകളുടെ പ്രജനനത്തെ നിറുത്തി ഇപ്രകാരം പഴയവയുടെ വിഗടനവും, ക്ഷയത്തിൻറെയും കാരണക്കാരനാകുന്നു.

രോഗത്തിൻറെ ദർശനം ദുഖ-ദർശനമാണ്. രോഗം – ഈ പരിവർത്തനം നടന്നുകൊണ്ടേയിരിക്കുന്ന ശരീരത്തിൻറെ സ്വാഭാവാകമായ ധർമ്മമാണ്. ആയതിനാൽ രോഗത്തിൻറെ ദർശനം ധർമ്മ ദർശനമാണ്. രോഗ ദർശനം എന്നാൽ സത്യ ദർശനം. (പഴയ 1970-1980 വിപശ്യന പത്രികാ-ശേഖരത്തിൽ നിന്ന്)